# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2082 — 12.02.2013-ൽ മറുപടിയ്ക്ക്

### വനം വകുപ്പിലെ താൽക്കാലിക ജീവനക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ എത്ര; | എ) ബി) & സി) | വനം വകുപ്പിൽ വിവധകാലഘട്ടങ്ങളിൽ ഉണ്ടാകുന്ന സീസണലും അല്ലാത്തതുമായ ജോലികൾക്ക് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അടങ്കലുകൾ തയ്യാറാക്കി ദിവസവേതനത്തിൽ ആളുകളെ നിയോഗിക്കാറുണ്ട്. അവരുടെ എണ്ണം തിട്ടപ്പെടുത്തുന്നത് പ്രായോഗികമല്ല. |
| ബി) | ഇവർ ജോലി ചെയ്തിട്ടുള്ള കാല ഘട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ; | | |
| സി) | 20 വർഷത്തിലധികം ഇത്തരത്തിൽ ജോലി ചെയ്തിട്ടുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ; | | |
| ഡി) | ഇത്തരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി എടുത്തിട്ടുണ്ടോ ; | ഡി) & ഇ) | വിവിധഘട്ടങ്ങളിലായി ദീർഘകാലം ജോലി ചെയ്തവരും ഇപ്പോൾ തുടരുന്നവരുമായ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| ഇ) | ഇല്ലെങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ